**പതിനാലാം കേരളനിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4464** 25/06/2019 ലെ മറുപടി

**സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനുള്ള സമയപരിധി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി.എ. റഹീം : | പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പരീക്ഷാഭവനിൽ നിന്ന് സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിന് സമയ പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ തിരുത്തൽ, ഡ്യൂപ്ലിക്കേറ്റ് തുടങ്ങിയ ഓരോ സർട്ടിഫിക്കറ്റും അപേക്ഷകർക്ക് ലഭ്യമാക്കുന്നതിനുള്ള സമയപരിധി വ്യക്തമാക്കാമോ; | (എ) പരീക്ഷാഭവനിൽ നിന്നു സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിന് സമയ പരിധി നിശ്ചയിച്ചിട്ടുണ്ട്. സേവനാവകാശ നിയമപ്രകാരം തിരുത്തലുകൾക്കും ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിനുമുള്ള അപേക്ഷകൾ ലഭിച്ചാൽ, അപേക്ഷകളിൽ അപാകതകൾ ഒന്നും ഇല്ലെങ്കിൽ 2001-നു മുമ്പുള്ള സർട്ടിഫിക്കറ്റുകൾ 90 ദിവസത്തിനുള്ളിലും 2001 നു ശേഷമുള്ള സർട്ടിഫിക്കറ്റുകൾ 60 ദിവസത്തിനുള്ളിലും അനുവദിച്ചു നൽകുന്നതാണ്. 2001 നു മുമ്പുള്ള ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിനു വേണ്ടി അപേക്ഷ ലഭിച്ചാൽ, ബയോഡേറ്റ എഴുതി നൽകുന്നതിനായി സ്കൂളിൽ പൂരിപ്പിക്കാത്ത സർട്ടിഫിക്കറ്റ് നൽകുകയും സ്കൂളിൽ നിന്ന് ബയോഡേറ്റ എഴുതി നൽകുന്ന മുറയ്ക്ക് മാർക്ക് രേഖപ്പെടുത്തി നൽകുന്നതുമാണ്. |
| (ബി) കുന്ദമംഗലം ഹയർ സെക്കന്ററി സ്കൂൾ ഹെഡ് മാസ്റ്റർ മുഖേന 13.08.2018 നു ഡ്യൂപ്ലിക്കേറ്റ് എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിച്ച സാജു.പി.കെ (രജി.നമ്പർ:552932 of മാർച്ച് 2000) എന്നയാൾക്ക് ഇതുവരെയും സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ; എപ്പോൾ ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) ഉണ്ട്. സർട്ടിഫിക്കറ്റ് 19.06.2019 നു കുന്ദമംഗലം ഹയർ സെക്കണ്ടറി വിദ്യാലയത്തിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അപേക്ഷകന് വിദ്യാലയത്തിൽ നേരിട്ട് ഹാജരായി സർട്ടിഫിക്കറ്റ് കൈപ്പറ്റാവുന്നതാണ്. |

സെക്ഷൻ ഓഫീസർ